## സബ്മിഷൻ

### ചൈനാക്ലേ മൈനിംഗ് കമ്പനികളുടെ പ്രവർത്തനം

ശ്രീ. വി. ശശി. : സർ, എന്റെ നിയോജകമണ്ഡലത്തിലെ മംഗലപുരം ഗ്രാമപഞ്ചായത്തിലെ എട്ട് വാർഡുകളിലായി പ്രവർത്തിക്കുന്ന ക്ലേ മൈനിംഗ് കമ്പനികൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്കും പരിഹാരം കാണുന്നതിൽ സർക്കാർ അവലംബിക്കുന്ന നിഷ്ക്രിയതയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ താമസിക്കുന്ന ജനങ്ങൾ നേരിടുന്ന നിരവധി ബുദ്ധിമുട്ടുകളുണ്ട്. മൈനിംഗ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള നിരവധി മാനദണ്ഡങ്ങളുണ്ട്. വാസയോഗ്യ ഗൃഹങ്ങൾ പൊതുറോഡിൽ നിന്നും നിയമാനുസൃതമായ അകലം പാലിച്ചിട്ടില്ല, മൈനിംഗ് നടത്തുന്ന സ്ഥലങ്ങളിൽ മൈനിംഗ് സ്റ്റെപ്പ്സ്റ്റെപ്പായി നടത്തുന്നതിനുപകരം കുത്തനെ ജെ.സി.ബി. ഉപയോഗിച്ച് കാർവിംഗ് നടത്തുന്നു. ഇങ്ങനെ നിരവധി പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയങ്ങൾ മനുഷ്യാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയും കമ്മീഷൻ ശുപാർശപ്രകാരം മൈനിംഗ് ആക്ടിവിറ്റി മോണിറ്റർ ചെയ്യുന്നതിന് കളക്ടർ ചെയർമാനായുള്ള ഒരു കമ്മിറ്റി 30.8.2007-ൽ രൂപീകരിക്കുകയും ചെയ്തിരുന്നു. ഈ കമ്മിറ്റി പ്രതിവർഷം മൂന്ന് പ്രാവശ്യം ചേരണമെന്നാണ് ആ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ളത്. എന്നാൽ 2011 വരെ ഒരു പ്രാവശ്യം പോലും ഈ കമ്മിറ്റി കൂടുകയുണ്ടായി

ല്ല. ലോകായുക്തയുടെ ശ്രദ്ധയിലും ഈ വിഷയം കൊണ്ടുവന്നു. ആ സന്ദർഭത്തിൽ 11.10.2011-ലെ ലോകായുക്തയുടെ ഉത്തരവിന് ശേഷമാണ് ഈ കമ്മിറ്റി ഒരു പ്രാവശ്യം കൂടിയതായി കാണുന്നത്. ആ കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടെങ്കിൽ അതിനുമേൽ ശക്തമായ നട പടി സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി യോട് അഭ്യർത്ഥിക്കുവാനുള്ളത്. മറ്റൊരു വിഷയം, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 20.8.2007-ലെ നിർദ്ദേശപ്രകാരം പഞ്ചായത്ത്രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും ഭേദഗതികൾ വരുത്തി മൈനിംഗ് ആക്ടിവിറ്റി കൂടി 'U' ഫോം ലൈസൻസിനുള്ളിൽ ഉൾപ്പെടുത്തുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ഭേദഗതി ഇനിയും ഗവൺമെന്റ് നടപ്പാക്കിയിട്ടില്ല. ആ ഭേദഗതി ഉടനെ കൊണ്ടുവരേണ്ടതാണ്. ഇപ്പോൾ ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ നടത്തുന്ന മൈനിംഗിന്റെ ഭാഗമായി ആ പ്രദേശത്തെ പുറംമണ്ണ് കെ.എസ്.ആർ.ടി.സി., ടെക്നോപാർക്ക് പ്രദേശത്തേയ്ക്ക് മാറ്റുവാനുള്ള ശ്രമത്തെ നാട്ടുകാർ ഈ അടുത്തകാലത്ത് തടയുകയുണ്ടായി. പ്രസ്തുത മണ്ണ് മൈനിംഗ് നടത്തി യതിനെത്തുടർന്നുണ്ടായ അഗാധഗർത്തങ്ങൾ നികത്താനുപയോഗിക്കണ മെന്നുള്ളതായിരുന്നു അവരുടെ ആവശ്യം. ആ ആവശ്യം പരിഗണിക്കപ്പെ ടാതെ കിടക്കുന്നതുകൊണ്ട് പ്രാദേശികമായി സംഘർഷാവസ്ഥയുണ്ട്. അത് ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമാണ് നടത്തുന്നത് എന്ന് പറയു

ന്നു. ആ വിഷയത്തിലുള്ള ദുരൂഹത എന്താണെന്ന് മനസ്സിലാക്കാനും ഗവൺമെന്റ് ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : സർ, ഈ പ്രദേശത്തുള്ള ജനങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലാക്കുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ ജില്ലാ കളക്ടർ ചെയർമാനായി വച്ച കമ്മിറ്റി 24.11.2011-ൽ യോഗം ചേരുകയുണ്ടായി. അതനുസരിച്ച് 16 ചൈനാ ക്ലേ കമ്പനികൾ നിബന്ധന പാലിക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി അവിടെ റിപ്പോർട്ട് ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസറോട് ഖനനം എത്ര ജനങ്ങളെ ബാധിക്കുമെന്ന് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ കയറ്റിപ്പോകുന്ന വാഹനങ്ങൾ കവർ ചെയ്താണോ തുടങ്ങി നിരവധി കാര്യങ്ങൾ ഇപ്പോൾ അന്വേഷണത്തിലാണ്. മുമ്പ് 10 കമ്പനികളാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ ഇപ്പോൾ കുറേയെണ്ണം ഇല്ലാതായിട്ടുണ്ട്. അതുപോലെതന്നെ ഇംഗ്ലീഷ് ഇന്ത്യാ കമ്പനിയുടേത് ഉൾപ്പെടെ പല ഗർത്തങ്ങളും ഫിൽ ചെയ്യാൻ നടപടിയായിട്ടുണ്ട്. വളരെ ഗൗരവത്തോടുകൂടി ഈ വിഷയങ്ങൾ ഇപ്പോൾ മോണിറ്റർ ചെയ്യുന്നുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ സമിതി വളരെ സജീവമായിട്ട് നോക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലായിരിക്കും ഗവൺമെന്റ് മേൽപ്രവൃത്തികൾ ചെയ്യുക.

## കയർപിരി/കയർ ഫാക്ടറി മേഖലകളിലെ സ്തംഭനാവസ്ഥ

ശ്രീ. എ. എം. ആരിഫ്: സർ, വളരെ പ്രധാനപ്പെട്ടതും ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്നതും നമ്മുടെ നാടിന്റെ വിദേശനാണയ നിക്ഷേപത്തിലേയ്ക്ക് കോടിക്കണക്കിന് രൂപ നേടിത്തരികയും ചെയ്യുന്ന ഒരു മേഖലയാണ് കയർമേഖല. കേരം തിങ്ങും കേരള നാട്ടിലെ കയറും കയറിന്റെ മക്കളും കയർമേഖലയും ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. ഇതു സംബന്ധിച്ച് 28/6/2012-ൽ ഞാൻ ചോദിച്ച നക്ഷത്രചിഹ്നമിടാത്ത 4403-ാം നമ്പർ ചോദ്യത്തിനുത്തരമായി കയർമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി സർക്കാരും അംഗീകരിച്ചിട്ടുണ്ട്. ആ മേഖലയിലെ തൊഴിലാളികളുടെ തളർച്ചയും, നേരത്തെ അങ്ങേയ്ക്ക് ആരോഗ്യ വകുപ്പുണ്ടായിരുന്നതുകൊണ്ട് അതെങ്കിലും പരിഹരിക്കാമായിരുന്നു. ഇപ്പോൾ ആ പ്രതീക്ഷയും പോയി. കയർ മേഖലയെന്നാൽ രണ്ട് വിഭാഗമുണ്ട്. ഒന്ന് ഫാക്ടറി മേഖലയും മറ്റൊന്ന് കയർപിരി മേഖലയും. ഫാക്ടറി മേഖലയിൽ ഇന്ന് കൊടുംപട്ടിണിയാണ്. കയർപിരിമേഖലയിലും അതുതന്നെയാണ് സ്ഥിതി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കയറ്റുമതിക്കാർക്ക് കയർ കോർപ്പറേഷൻ മുഖേന മാത്രമേ ഓർഡർ കൊടുക്കാവൂ എന്ന് നിർബന്ധമായി നിഷ്ക്കർഷിക്കുകയും അതനുസരിച്ച് കയർ കോർപ്പറേഷൻ സഹകരണ സംഘങ്ങൾക്കും കയർ വിലസ്ഥിരതാ സംവിധാനങ്ങൾക്കും ഓർഡർ കൊടുത്ത് ഉൽപ്പാദകരിൽ നിന്ന് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്ന സമ്പ്രദായമാണ് നടപ്പിലാക്കിയത്. എന്നാൽ ഇന്ന് അത് പൂർണ്ണമായും അവസാ

നിച്ച മട്ടാണ്. ഡിപ്പോകൾ പുനരവതരിച്ചിരിക്കുകയാണ്. ഡിപ്പോ സമ്പ്രദായം വന്നതോടെ ഇടനിലക്കാരിൽ നിന്ന് നേരിട്ട് കയറ്റുമതിക്കാർ ഉൽപ്പന്നങ്ങൾ ശേഖരിക്കാൻ ശ്രമിക്കുന്നതോടുകൂടി സഹകരണ സംഘങ്ങളെല്ലാം തന്നെ നിശ്ചലമായി. അതുപോലെതന്നെ വിലസ്ഥിരതാ സംവിധാനവും അവസാനിച്ചു.  ചെറുകിട ഉൽപ്പാദകരും പട്ടിണിയിലായി. കയറ്റുമതിക്കാർ കുറഞ്ഞ വിലയ്ക്ക് ഡിപ്പോകളിൽ നിന്നും, ഡിപ്പോ സമ്പ്രദായംവഴി ഉൽപ്പന്നങ്ങൾ എടുക്കുന്നതുകൊണ്ട് ന്യായവില ലഭിക്കാതെ തൊഴിലാളികൾ കടുത്ത പട്ടിണിയിലാണ്. കയർപിരിമേഖലയിലെ  പ്രശ്നവും ഇതുതന്നെയാണ്. കയർപിരിമേഖലയിലും സ്വകാര്യ സംരംഭകരും സഹകരണ മേഖലയുമാണുള്ളത്. സ്വകാര്യ സംരംഭകർക്കും സഹകരണ സംഘങ്ങൾക്കും ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കിയതുകൊണ്ട്  50 രൂപ കൊടുക്കും. പക്ഷേ മഹാഭൂരിപക്ഷവും സ്വകാര്യ മേഖലയിലാണ്. അവർക്ക് ഈ വകയാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. അതുകൊണ്ടുതന്നെ തൊഴിലുറപ്പ് പദ്ധതി വരുമ്പോൾ അവരെല്ലാം ആ മേഖലയിൽ പണിക്ക് പോകുകയും ഇവിടെ ഉൽപ്പാദനം നിലയ്ക്കുകയും തൊഴിലാളികൾക്ക് വരുമാനം ഇല്ലാതാകുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ്. ചകിരിയുടെ ദൗർലഭ്യം മറ്റൊരു ഗൗരവമേറിയ പ്രശ്നമാണ്. പരിഹരിക്കപ്പെടേണ്ട ഏറ്റവും പ്രധാനമായ കാര്യം എന്നു പറയുന്നത് തൊണ്ട് തല്ല് ചകിരി ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് നവീനമായ ഗവേഷണങ്ങൾ നടത്തുന്ന സ്ഥാപനമാണ് എൻ.സി.ആർ.എം.ഐ(നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്).

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉദ്ഘാടനം ചെയ്യുകയും നല്ലനില യിൽ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്ത സ്ഥാപനമാണ്. എന്നാൽ ഇപ്പോൾ അത് അടച്ചുപൂട്ടണമെന്നാണ് അവിടത്തെ ഡി.സി.സി. പ്രസിഡന്റു തന്നെ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി അത് നിഷേധിച്ചിട്ടുണ്ട്. നല്ല നില യിൽ പ്രവർത്തിച്ച് ചകിരി ഉല്പാദിപ്പിക്കുന്നതിനും അതുപോലെ തൊഴിലാ ളിക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും കയർമേഖല അഭിമുഖീകരിക്കുന്ന പട്ടിണിക്ക് പരിഹാരം കണ്ടെത്തുന്നതിനും കഴിഞ്ഞില്ലെങ്കിൽ ഈ മേഖല ഗുരുതരമായ പ്രതിസന്ധിയിലെത്തും. കേരം തിങ്ങും കേരള നാടും കയ റിന്റെ നാടും എന്നുമുള്ള നമ്മുടെയെല്ലാം അഭിമാനകരമായ അവസ്ഥ അവ സാനിക്കുന്ന സ്ഥിതിയാകും. അങ്ങ് അടിയന്തിരമായി ഈ പ്രശ്നത്തിലിട പ്പെട്ട് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ചകി രിയുടെ ക്ഷാമവും തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നതുകാരണം കയർമേഖല വലിയ പ്രതിസന്ധി നേരിടുകയാണെന്ന് പറയുന്നതും പൂർണ്ണ മായി ശരിയല്ല. ചകിരിക്ഷാമം പരിഹരിക്കുന്നതിന് ഗവൺമെന്റ് ഒട്ടനവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 22-ഉം 24-ഉം രൂപ വിലയുണ്ടായിരുന്നത് ഇപ്പോൾ 15-ഉം 17-ഉം രൂപയിലേയ്ക്ക് കുറഞ്ഞിട്ടുണ്ട്. ഉയർന്ന വരുമാനം ലഭിക്കുന്ന നിർമ്മാണ മേഖലയിലേയ്ക്ക് തൊഴിലാളികളുടെ മാറ്റം കയർപിരി മേഖലയെ കാര്യമായി ബാധിക്കുന്നുണ്ട്. ഈ സർക്കാർ അധി കാരത്തിൽ വന്നതിനുശേഷം കയർപിരി മേഖലയിലെ മിനിമം കൂലി 150

രൂപയിൽ നിന്ന് 210 രൂപയാക്കി വർദ്ധിപ്പിക്കുകയും കൂലി പൂർണ്ണമായും തൊഴിലാളികളുടെ കൈയിൽ നേരിട്ട് കൃത്യമായി ലഭിക്കണമെന്ന ഉദ്ദേശ ത്തോടെ ബാങ്ക് അക്കൗണ്ടുള്ള എല്ലാ വിഭാഗം തൊഴിലാളികൾക്കും സർക്കാർ നിശ്ചയിച്ച മിനിമം കൂലി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. അത്തരത്തിൽ ബാങ്ക് അക്കൗണ്ടുള്ള തൊഴി ലാളികളുടെ എണ്ണം 15434 ആണ്. 2012 ജൂലൈ 15-നകം ബാക്കിയുള്ള തൊഴിലാളികൾകൂടി ബാങ്ക് അക്കൗണ്ട് എടുക്കണമെന്ന് ആവശ്യപ്പെട്ട് അറി യിപ്പ് നൽകിയിട്ടുണ്ട്. കയർപിരി മേഖലയെ ദേശീയ തൊഴിലുറപ്പ് പദ്ധതി യിൽ ഉൾപ്പെടുത്തുവാനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സംസ്ഥാന ഗവൺമെന്റ് സമർപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി രണ്ടംഗ കേന്ദ്രസംഘം കഴിഞ്ഞ മേയ് 22, 23 തീയതിക ളിൽ ആലപ്പുഴ സന്ദർശിച്ച് സാധ്യതാ പഠനം നടത്തിയിട്ടുള്ളതും തുടർ നട പടികൾക്കായി ഗവൺമെന്റ് കേന്ദ്ര മന്ത്രാലയവുമായി ആശയവിനിമയം നടത്തിവരികയുമാണ്. കയർമേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടു ത്തുന്നതിനാവശ്യമായ സാദ്ധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീക രിക്കുന്നതാണ്. ഡിപ്പോ സമ്പ്രദായം പൂർണ്ണമായി തുടച്ചുമാറ്റുന്നതിന് കയർമേഖലയിലെ എല്ലാവരുടെയും, അങ്ങ് ഉൾപ്പെടെയുള്ള ആളുകളുടെ സഹായമുണ്ടെങ്കിൽ ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കാൻ കഴിയും. ഡിപ്പോ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്ന നയമല്ല ഈ സർക്കാരിന്റേ ത്. ചെറുകിട ഉൽപ്പാദകർ ഉൽപ്പാദിപ്പിക്കുന്ന എല്ലാത്തരം ഉൽപ്പന്നങ്ങളും

കയർ കോർപ്പറേഷൻ വാങ്ങി സ്റ്റോക്ക് ചെയ്യുന്നതിന് ഗവൺമെന്റ് യഥാസമയം ആവശ്യമായ ധനസഹായം നൽകിവരികയാണ്. കയർ ഉൽപ്പന്ന മേഖലയിലെ തൊഴിലാളികളുടെ കൂലി കഴിഞ്ഞ ആഗസ്റ്റ് മുതൽ 200 രൂപയിൽ നിന്ന് 285 രൂപയായി വർദ്ധിപ്പിക്കുകയും കയർ ഉൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കയറ്റുമതിക്കാരുടെ പരമാവധി ഓർഡർ ചെറുകിട ഉൽപ്പാദകർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി കയർ കോർപ്പറേഷൻ മുഖേന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## മുത്തങ്ങ ചെക്ക്പോസ്റ്റ് ട്രാഫിക് സമുച്ചയം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ മുത്തങ്ങ ചെക്ക്പോസ്റ്റ് സമുച്ചയം അടിയന്തിര പ്രാധാന്യത്തോടുകൂടി നടപ്പാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. നാഷണൽ ഹൈവേ 212, കർണ്ണാടക സംസ്ഥാനാതിർത്തിക്കടുത്ത് മുത്തങ്ങ സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നത് മോശമായ ഒരു കെട്ടിടത്തിലാണ്. കൂടാതെ മുത്തങ്ങ മുതൽ തകരപ്പാടി എന്നുപറയുന്ന സ്ഥലം വരെയെടുത്തു പരിശോധിച്ചാൽ മൂന്നു കിലോമീറ്ററിനുള്ളിൽ സെയിൽസ്ടാക്സ്, എക്സൈസ്, ആർ.ടി.ഒ., പോലീസ്, ഫോറസ്റ്റ് എന്നീ അഞ്ചു ചെക്ക്പോസ്റ്റുകളാണ് പ്രവർത്തിക്കുന്നത്. ഒരു ദിവസം 400 മുതൽ 500 വരെ ചരക്കുവണ്ടികൾ കർണ്ണാടകയിൽ നിന്നും കേരളത്തിലേയ്ക്ക് മുത്തങ്ങ ചെക്ക്പോസ്റ്റ് വഴി കടന്നുവരുന്നുണ്ട്. കൂടാതെ നൂറുക്കണക്കിന് ചരക്കുവണ്ടികൾ കേരളത്തിൽ നിന്ന് കർണ്ണാടകയിലേയ്ക്ക് മുത്തങ്ങ വഴി

യാണ് കടന്നുപോകുന്നത്. നാന്നൂറിലധികം വരുന്ന ചരക്കുവണ്ടികളും ആയിരത്തിലധികംവരുന്ന ചെറുതും വലുതുമായ യാത്രാവാഹനങ്ങളും ഇതുവഴി കടന്നുപോകുന്നുണ്ട്. ശബരിമല സീസൺ തുടങ്ങിക്കഴിഞ്ഞാൽ പത്തിരട്ടിയോളം വാഹനങ്ങളുടെ തിരക്ക് വർദ്ധിക്കുകയാണ്. നാഷണൽ ഹൈവേ സൈഡിൽ വന്യമൃഗ സങ്കേത കേന്ദ്രമായതുകൊണ്ടുതന്നെ റോഡിനാവശ്യമായ സ്ഥലം വിട്ടുകിട്ടാൻ സാധ്യത കുറവുള്ളതുകൊണ്ട് ഇതിനൊരു പരിഹാരമെന്ന നിലയ്ക്ക് മുത്തങ്ങയിൽ നിന്ന് മൂന്നു കിലോമീറ്റർ അപ്പുറത്ത് കല്ലൂർ എന്നു പറയുന്ന സ്ഥലത്ത് സ്ഥലമേറ്റെടുത്തുകൊണ്ട് സമുച്ചയം കൊണ്ടുവന്നുകഴിഞ്ഞാൽ ട്രാഫിക്ജാം ഒഴിവാക്കാനും ഈ യാത്രാപ്രശ്നത്തിന് പരിഹാരം കാണാനും കഴിയും. ബഹുമാനപ്പെട്ട ധന കാര്യ വകുപ്പുമന്ത്രി മുത്തങ്ങ ചെക്ക്പോസ്റ്റ് നവീകരണവുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, മുത്തങ്ങയിൽ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനായി നൂൽപ്പുഴ വില്ലേജിൽ 7.96 ഏക്കർ സ്ഥലമേറ്റെടുക്കുന്നതിന് 25/1/2010–ൽ സർക്കാർ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ, സാധാരണ ഗതിയിൽ നോട്ടിഫിക്കേഷൻ നടത്തിയാൽ ഒരു വർഷത്തിനകം നടപടി പൂർത്തിയാ

കുന്നില്ലെങ്കിൽ അത് ലാപ്സായിപോകും. അങ്ങനെ ഒരു വർഷത്തിനകം നടപടി നടത്താൻ കഴിയാഞ്ഞതുകൊണ്ട് ആദ്യത്തെ നോട്ടിഫിക്കേഷൻ ലാപ്സായിപോയി. പിന്നീട് പുതിയ റിക്വസിഷൻ 26/9/2011-ൽ നൽകിയിട്ടുണ്ട്. അതനുസരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. മുത്തങ്ങയിൽ ഒരു ഔട്ട് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന് 0.7 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 25/7/2011-ൽ അനുമതി നൽകിയിട്ടുണ്ട്. ഈ ഭൂമിയും ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ലാന്റ് അക്വസിഷൻ നടപടിക്രമങ്ങളുടെ ഭാഗമായി ഗവൺമെന്റിന്റെ കൈവശം ഭൂമി കിട്ടുന്ന മുറയ്ക്ക് ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് സ്ഥാപിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശങ്ങൾ വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് പരിഗണിക്കും. രണ്ടാമത്തെ കാര്യം, മൂന്നു കിലോമീറ്റർ അകലെ ആൾട്ടർനേറ്റ് സൈറ്റ് പ്രൈവറ്റ് വ്യക്തികളുടെ ആരുടെയോ കിട്ടാനുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതായി എനിക്ക് തോന്നുന്നു. അങ്ങനെയുണ്ടെങ്കിൽ അതിന്റെ സ്യൂട്ടബിലിറ്റി പരിശോധിച്ചതിനുശേഷം, അത് റോഡ് സൈഡാണ്, സ്യൂട്ടബിൾ ആണ്, പർപ്പസിനനുയോജ്യമായിരിക്കുമെന്ന് കാണപ്പെടുന്ന പക്ഷം അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. എന്തായാലും നടപടികൾ ആത്മാർത്ഥമായി മുന്നോട്ടുകൊണ്ടുപോകുകയാണ്.

## കാലാവധി കഴിഞ്ഞ പാചകവാതക സിലിണ്ടറുകളുടെ ഉപയോഗം

ശ്രീ. പി.എ. മാധവൻ : സർ, കേരളത്തിലെ പാചകവാതക ഉപഭോക്താക്കളെ ഒന്നാകെ ഭയപ്പെടുത്തുന്നതും വളരെയേറെ ഗൗരവമായതുമായ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കാലാവധി കഴിഞ്ഞിട്ടും സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കാതിരിക്കുന്ന ഒറ്റക്കാരണംകൊണ്ട് പാചകവാതക സിലിണ്ടറുകൾ സ്വയം പൊട്ടിത്തെറിക്കുന്നത് ഒരപൂർവ്വ സംഭവമല്ലാതായി മാറിയിരിക്കുകയാണ്. 'നമ്മുടെ അടുക്കളകൾ പൊട്ടിത്തെറിച്ചുകൂടാ, പാചകവാതക സിലിണ്ടറിന്റെ സുരക്ഷ ഉറപ്പാക്കണം' എന്നുപറഞ്ഞുകൊണ്ട് ഇക്കഴിഞ്ഞ ജൂലൈ മൂന്നിന് മലയാള മനോരമ പത്രം ഒരു എഡിറ്റോറിയൽതന്നെ പ്രസിദ്ധീകരിച്ച് ഈ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥയിലേയ്ക്ക് വിരൽചൂണ്ടുകയുണ്ടായി. സിലിണ്ടറുകൾ ആവർത്തിച്ച് പൊട്ടിത്തെറിക്കുന്നതിനെ തുടർന്ന് അത് ഉപഭോക്താക്കളുടെ അശ്രദ്ധകൊണ്ടാണ് എന്നൊരു പ്രചരണം ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നു. അത് ആവർത്തിച്ച് പൊട്ടിത്തെറിച്ചപ്പോൾ സുരക്ഷാ പരിശോധനയിൽ വന്ന ഗുരുതരമായ വീഴ്ചയാണ് പൊട്ടിത്തെറികൾക്ക് കാരണമെന്ന് എണ്ണക്കമ്പനികൾക്കുതന്നെ സമ്മതിക്കേണ്ടിവന്നിരിക്കുകയാണ്. ഇത്തരത്തിൽ സുരക്ഷാ പരിശോധനകൾ പൂർത്തീകരിക്കാത്ത സിലിണ്ടറുകൾ കയറ്റിവരുന്ന ലോറികൾ ഇപ്പോൾ പലസ്ഥലങ്ങളിലും പൊതുപ്രവർത്തക

രും യുവജനപ്രവർത്തകരും തടഞ്ഞു നിറുത്തുന്ന ഒരവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. കാലാവധി പിന്നിട്ട സിലിണ്ടറുകൾ വിതരണം ചെയ്യരുതെന്ന് എറണാകുളം ജില്ലാഭരണകൂടം വിലക്കിയെന്നത് വളരെയേറെ ശ്രദ്ധാർഹമായ ഒരു കാര്യമാണ്. പ്രകൃതി വാതക പൈപ്പുകൾ ഭൂമിക്കടിയിലൂടെ സ്ഥാപിക്കുന്നതിന്റെ ഗൗരവപൂർണ്ണമായ ചർച്ചകൾ നടക്കുകയാണ്. അതിനിടയിലാണ് സുരക്ഷാ പരിശോധനയിൽ എണ്ണ കമ്പനികൾ വരുത്തുന്ന വീഴ്ച എന്നത് വളരെ ഗൗരവമായി നമുക്ക് കാണേണ്ടിവരുന്നത്. വിതരണ കേന്ദ്രങ്ങളിൽ സിലിണ്ടറുകൾ പരിശോധിക്കുന്നതിന് സംവിധാനമുണ്ടാക്കണം. അതുപോലെ കാലാവധി കഴിഞ്ഞ പാചകവാതക സിലിണ്ടറുകൾമൂലം സംഭവിക്കുന്ന എല്ലാ അപകടങ്ങളുടെയും സമ്പൂർണ്ണ ഉത്തരവാദിത്വം എണ്ണ കമ്പനികൾക്കാണ്. അവർ നഷ്ടപരിഹാരം നൽകാൻ തയ്യാറാകുകയും വേണം. അതീവ ഗുരുതരമായ ഈ വിഷയത്തിൽ സർക്കാർ കർശനമായ ഇടപെടലുകൾ നടത്തണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ടെസ്റ്റ്ഡേറ്റിന്റെ കാലാവധി കഴിഞ്ഞ ഒരു സിലിണ്ടർപോലും ഡിസ്ട്രിബ്യൂട്ടേഴ്സിന് വിതരണം നടത്തുന്നില്ല എന്ന് ഉറപ്പുവരുത്താൻ പര്യാപ്തമായ വിധത്തിൽ ബോട്ട്ലിംഗ് പ്ലാന്റിൽ സ്ക്രീനിംഗ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ടെന്ന് ഓയിൽ കമ്പനികളിലെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയി

ച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ ഏതെങ്കിലും സിലിണ്ടർ ഏജൻസിയിൽ എത്തുകയാണെങ്കിൽ ആയത് തെരഞ്ഞുമാറ്റി ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാതെ തിരിച്ചയയ്ക്കുവാൻ എല്ലാ ഏജൻസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാന്റുകളിൽ നിന്നും ഡെസ്പാച്ച് ചെയ്യപ്പെടുന്ന സിലിണ്ടറുകൾ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കുവാൻ എണ്ണകമ്പനികൾ ശ്രദ്ധിക്കുന്നുണ്ടെന്നും ഗുണനിലവാര പരിശോധനയിൽ തിരസ്ക്കരിക്കപ്പെടുന്ന സിലിണ്ടറുകൾ വിതരണത്തിൽനിന്ന് പിൻവലിക്കുകയും ചെയ്യാറുണ്ടെന്നും സംസ്ഥാനതല കോ–ഓർഡിനേറ്ററിൽ നിന്നും അറിയാൻ കഴിഞ്ഞു. ഐ.ഒ.സി., എച്ച്.പി.സി., ബി.പി.സി. തുടങ്ങിയ പൊതുമേഖലാ ഓയിൽ കമ്പനികൾ തങ്ങളുടെ ഉപഭോക്താക്കളുടെ രജിസ്റ്റേർഡ് മേൽവിലാസത്തിൽ ഉൾപ്പെട്ട കെട്ടിടത്തിൽ വച്ച് ഗ്യാസ് സിലിണ്ടറുകൾമൂലമുണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ എൽ.പി.ജി. ഡിസ്ട്രിബ്യൂട്ടേഴ്സിനും എൽ.പി.ജി. സിലിണ്ടർമൂലമുണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ സപ്ലൈ ഓഫീസർമാർക്കും ഈ വിഷയത്തെ സംബന്ധിച്ച് പത്രവാർത്തകൾ വന്നപ്പോൾ അതിന്റെ അടിസ്ഥാനത്തിൽതന്നെ ക്രോസ് ചെക്കിംഗ് നടത്തുന്നതിന് കർശനമായ നിർദ്ദേശം കൊടുത്തിരുന്നു. അതിന്റെ പരിശോധന കാര്യക്ഷമമായ നിലയിൽ മുമ്പോട്ടു പോകുകയാണ്.

(ശ്രീ. ജി. സുധാകരൻ)

## അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ

ശ്രീ. ജി. സുധാകരൻ : സർ, 2010 ആദ്യം ആലപ്പുഴ ജില്ലയിൽ ശ്രീ. എം.എ. ബേബി വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത്, ഒരു ഗവൺമെന്റ് കോളേജുമില്ലാത്ത ജില്ലയെന്നുള്ള തലത്തിൽ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം 60 വർഷം കഴിഞ്ഞ് അനുവദിച്ച കോളേജാണ് അമ്പലപ്പുഴ ഗവൺമെന്റ് കോളേജ്. രണ്ടുവർഷമായിട്ടും അതിന് കെട്ടിടം നിർമ്മിക്കുകയോ ആ ഹൈസ്കൂളിൽനിന്ന് മാറ്റുകയോ ചെയ്യാത്തതിന്റെ ഫലമായുണ്ടായ പ്രശ്നം ഗൗരവതരമാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഇത് നേരിട്ട് പറഞ്ഞിട്ടുണ്ട്. പല സമയങ്ങളിലും അങ്ങേയ്ക്ക് കത്ത് തന്നിട്ടുണ്ട്. പക്ഷേ, ഉന്നതവിദ്യാഭ്യാസ വകുപ്പ് ഗുരുതരമായ വീഴ്ചയും നിരുത്തരവാദിത്വവുമാണ് കാണിച്ചത്. അങ്ങ് അത് പരിശോധിക്കണം. അഞ്ചര ഏക്കർ സ്ഥലം ഒരു പൈസപോലും കൊടുക്കാതെ, അന്ന് ഇടതുപക്ഷം ഭരിച്ച അമ്പലപ്പുഴ സൗത്ത് പഞ്ചായത്തിൽനിന്നും ഞാൻ നേരിട്ട് ഗവൺമെന്റിന് എഴുതി ക്യാബിനറ്റ് പാസ്സാക്കി ഏൽപ്പിച്ചിട്ടുള്ളതാണ്. അവിടെ ഒരു കെട്ടിടം പണിയാൻ എ.എസ്. കൊടുത്തിട്ടുതന്നെ ഏകദേശം 9 മാസം കഴിഞ്ഞു. ഇതുവരെ ടെൻഡർ ചെയ്തില്ല എന്നുള്ളത് മരാമത്തു വകുപ്പിന്റെ മാത്രമല്ല ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും കുഴപ്പമാണ്. കോളേജ് അനുവദിച്ച സർക്കാർ, ബഡ്ജറ്റിൽ അഞ്ചു കോടി രൂപ വച്ചിരുന്നു. സ്ഥലത്തിന് പൈസ കൊടുക്കേണ്ട ആവശ്യമില്ലാഞ്ഞതുകൊണ്ട് ആ പണം ഉപയോഗിച്ചില്ല.

ഇപ്പോൾ അങ്ങ് 12 കോടി രൂപ അനുവദിച്ചു. മൂന്ന് പ്രധാനപ്പെട്ട കോഴ്സുണ്ട്. പുതിയ കോഴ്സ് അവിടെ ആവശ്യമുള്ളതാണ്. ഹൈലി റാങ്ക്ഡായിട്ടുള്ള കുട്ടികളാണ് അവിടെയുള്ളത്. മത്സ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളുമായ സാധാരണക്കാരായവരുടെ കുടുംബങ്ങളിൽനിന്നുള്ളവരാണ് ഈ റാങ്ക്ഡായിട്ടുള്ളവരെല്ലാം. വലിയൊരു അനുഗ്രഹമാണ് ആ കോളേജ്. അവിടെ സ്കൂൾ പി.റ്റി.എ.–യും കോളേജ് പി.റ്റി.എ.–യും തമ്മിൽ വഴക്കുണ്ടായിരിക്കുകയാണ്. ജില്ലാ പഞ്ചായത്തിനെ കൊണ്ടുവന്ന് ഇടപെടുവിച്ച് ആ പ്രശ്നം അങ്ങനെ തൽക്കാലം പരിഹരിച്ചിരിക്കുകയാണ്. 2013 - 2014 കോളേജ് വർഷം അവിടെ ചുരുങ്ങിയത് രണ്ടുനില കെട്ടിടമെങ്കിലും നിർമ്മിച്ച് കോളേജ് ആരംഭിക്കാൻ കഴിയണം. അതിനുള്ള നടപടി അങ്ങ് സ്വീകരിക്കണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് പറയുകയാണ്, ഇന്നുവരെ ഒരു എം.എൽ.എ. ആയ ഞാൻ ഒരു സമരത്തിന് പോയിട്ടില്ല, ഞങ്ങളാരും അങ്ങനെ പോകുന്നില്ല. പക്ഷേ, നമ്മൾ മന്ത്രിമാരൊക്കെ ആകുമ്പോൾ, ഞാൻ ഒരാളെപ്പറ്റിമാത്രം പറയുകയല്ല, ഒരു ഭാവമാറ്റം പാടില്ല, ഒരു ഭീരുത്വവും പാടില്ല. ഇത് രണ്ടും നിങ്ങളാണെന്നല്ല, ഞാൻ പൊതുവിൽ പറയുകയാണ്. തൊട്ടടുത്ത് ഒരു സ്വകാര്യ സ്വാശ്രയ കോളേജുണ്ട്. ഈ കോളേജ് പൂട്ടിക്കേണ്ടത് ആ കോളേജുകാരുടെ ആവശ്യമാണ്. ഞാൻ വേറൊന്നും പറയുന്നില്ല, വളരെ ഗൗരവകരമായി അങ്ങ് ഇടപെട്ട്, ടെൻഡർ ചെയ്ത് അങ്ങയുടെ കാലത്തുതന്നെ ആ നാലുനില കെട്ടിടം ഉദ്ഘാടനം ചെയ്യണം. എനിക്ക് അദ്ധ്യക്ഷനാവണമെന്നേയുള്ളൂ. വേറൊരു മന്ത്രിയെ

കൊണ്ടുവന്ന് ആശംസവച്ചാലുംമതി, ശ്രീ. കെ.ബി. ഗണേഷ്കുമാർ ചെയ്യുന്നതുപോലെ. ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സർ, ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരൻ കാര്യത്തിന്റെ ലേറ്റസ്റ്റ് പൊസിഷൻ മനസ്സിലാക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംസാരിച്ചത്. കഴിഞ്ഞ ഗവൺമെന്റ് അമ്പലപ്പുഴ ഗവൺമെന്റ് കോളേജിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 12.20 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി. ഇതിനായി 6 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തു. പ്രസ്തുത എസ്റ്റിമേറ്റിന് 16-5-2012 –ൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ടെക്നിക്കൽ സാങ്ഷൻ പുറപ്പെടുവിക്കുകയും നിർമ്മാണ പ്രവർത്തനത്തിന് ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യനായ മെമ്പർ ശ്രദ്ധിക്കണം, ടെൻഡർ ക്ഷണിച്ചു കഴിഞ്ഞു. കെട്ടിടം നിർമ്മിക്കുന്നതുവരെ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന അമ്പലപ്പുഴയിലെ കെ.കെ. കുഞ്ഞുപ്പിള്ള സ്മാരക ഹയർ സെക്കന്ററി സ്കൂളിൽ കോളേജ് ക്ലാസ്സുകൾ തടസ്സമില്ലാതെ നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ വർഷം കോളേജിന്റെ പ്രവർത്തനത്തിനായി അധികമായി വരുന്ന മൂന്ന് ക്ലാസ്സ്മുറികൾ കൂടി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അധികാരികളുടെ യോഗം അടിയന്തരമായി വിളിച്ചു ച്ചേർക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെ ദ്രുതഗതിയിലുള്ള നടപടി

കളാണ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ബഹുമാന്യനായ മെമ്പർ സൂചിപ്പിച്ചതുപോലെ ഈ കാലാവധിക്കുള്ളിൽതന്നെ നമുക്കത് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാനും അങ്ങേയ്ക്ക് അദ്ധ്യക്ഷം വഹിക്കാനും അവസരമുണ്ടാകട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ കവർച്ച

ശ്രീ. ആർ. രാജേഷ് : സർ, മാവേലിക്കര മണ്ഡലത്തിലെ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലും പട്ടണപ്രദേശങ്ങളിലും നടന്ന കവർച്ചയിന്മേൽ പോലീസന്വേഷണം ഊർജ്ജിതമാക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലൊന്നാണ് മാവേലിക്കര ശ്രീകൃഷ്ണസ്വാമിക്ഷേത്രം. അവിടെ ജൂലൈ മാസം 3-ാം തീയതി അർദ്ധരാത്രിയിൽ വലിയ മോഷണം നടന്നിരിക്കുകയാണ്. ശ്രീകോവിലിന്റെ പൂട്ടുതുറന്ന് അകത്തുകടന്ന് കിരീടവും ആഭരണങ്ങളുമടക്കം മോഷ്ടിച്ചിരിക്കുകയാണ്. ലക്ഷക്കണക്കിന് രൂപ മൂല്യമുള്ള ആഭരണങ്ങളാണ് നഷ്ടപ്പെട്ടിരിക്കുന്നത്. ഇതിന്റെ സാമ്പത്തികമായ മൂല്യമല്ല പ്രധാനം. ഒരു സാംസ്കാരിക കേന്ദ്രം എന്നരൂപത്തിൽ മാവേലിക്കരയുടെ സാംസാകാരികമണ്ഡലത്തിന് ഏറ്റവും പ്രധാനമായ ഈ ക്ഷേത്രത്തിലെ കിരീടങ്ങളും ആഭരണങ്ങളുമടക്കം തിരികെ ലഭിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇത്രയും പ്രധാനപ്പെട്ട സംഭവത്തിൽ പോലീസ് അന്വേഷണം മന്ദഗതിയിലാണ് നടക്കുന്നത്. പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടില്ല. അന്നേദിവസംത

ന്നെയാണ് തിരുവല്ല ക്ഷേത്രത്തിൽ ഒരാളിനെ കൊലപ്പെടുത്തി മോഷണം നടന്നത്. ഇത് സൂചിപ്പിക്കുന്നത്, വലിയ ബന്ധമുള്ള ഒരു മോഷണസംഘ മാണ് ഇതിനു പിന്നിലെന്നാണ്. ഏറ്റവും പ്രധാനപ്പെട്ട വിഷയം, ഇതിനുമു മ്പുള്ള ദിവസങ്ങളിലും മാവേലിക്കര പട്ടണത്തിൽ വിവിധ സ്ഥലങ്ങളിൽ മോഷണം നടന്നിരുന്നു. ശ്രീകൃഷ്ണസ്വാമിക്ഷേത്രം നിൽക്കുന്നത് പോലീസ് സ്റ്റേഷനോട് ചേർന്നാണ്. പോലീസിന്റെ കാര്യക്ഷമത ഇല്ലായ്മ യാണ് ഈ മോഷണത്തിന്റെ ഭാഗമായി വെളിവായിരിക്കുന്നത്. അന്വേ ഷണം ഒട്ടും ഊർജ്ജിതമല്ല. രണ്ടുദിവസമായി മാവേലിക്കര നഗരത്തിൽ ഹർത്താൽ ആചരിക്കുകയാണ്. ആയതിനാൽ ക്ഷേത്രത്തിലും പരിസരപ്ര ദേശങ്ങളിലും നടന്ന ഈ കവർച്ചയിന്മേൽ വിദഗ്ദ്ധരായ പോലീസ് സംഘ ത്തെക്കൊണ്ട് ഒരു വിശദമായ അന്വേഷണം നടത്തി ഈ അമൂല്യമായ വസ്തുക്കൾ തിരികെ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണ മെന്ന് ഈ സബ്മിഷനിലൂടെ വിനയപൂർവ്വം ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ): സർ, അങ്ങ് ഉന്നയിച്ച സബ്മിഷനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. പക്ഷേ ക്ഷേത്രം ഒരു സാംസ്കാരിക കേന്ദ്രം അല്ല, ആരാധ നാലയം ആണ്. ആ നിലയിലാണ് ഗവൺമെന്റ് കാണുന്നത്. ഇവിടെ 03–07–2012–ന് രാത്രി 8 മണിക്കും 4–7–2012 വെളുപ്പിന് 4 മണിക്കും ഇ ടയിലുള്ള സമയത്ത് മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ നാല മ്പലത്തിന്റെ ഓടിളക്കി അകത്ത് കടന്ന മോഷ്ടാക്കൾ ശ്രീകോവിലിന്റെ

ഗ്രില്ലും പ്രധാന വാതിലിന്റെ കോൽത്താഴും തകർത്ത് അകത്ത് കടന്ന് 1,81,000 രൂപയുടെ സ്വർണ്ണാഭരണങ്ങളും, 42 ഗ്രാം തൂക്കം വരുന്ന മുത്ത് പതിപ്പിച്ച സ്വർണ്ണ കിരീടം, താലിപോലെയുള്ള 24 ആഭരണങ്ങൾ, മുത്ത് പതിപ്പിച്ച ചരടിൽ കോർത്ത 23 ഗ്രാമോളം തൂക്കം വരുന്ന സ്വർണ്ണ അരിമ ണികൾ എന്നിവയാണ് മോഷ്ടിച്ചത്. ഇക്കാര്യത്തിൽ ക്ഷേത്രത്തിലെ സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ ശ്രീ. ശ്രീകുമാറിന്റെ പരാതി പ്രകാരം മാവേലിക്കര പോലീസ്സ്റ്റേഷനിൽ ഇന്ത്യൻ ശിക്ഷാ നിയമം 457, 380 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 751/12 ആയി കേസ് രജിസ്റ്റർ ചെയ്തു. വിവരം അറിഞ്ഞയുടൻതന്നെ ജില്ലാ പോലീസ് മേധാവിയും ചെങ്ങന്നൂർ ഡിവൈ.എസ്.പി-യും സംഭവ സ്ഥലത്ത് എത്തുകയും അന്വേ ഷണത്തിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഡോഗ് സ്ക്വാഡ്, ഫിംഗർപ്രിന്റ് വിദഗ്ദ്ധർ, സയന്റിഫിക് എക്സ്പെർട്ട് എന്നിവരുടെ സേവനം ഉപയോഗിച്ച് തെളിവെടുപ്പ് നടത്തി. കൂടാതെ ഈ അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി ക്രൈംബ്രാഞ്ചിന്റെ ടെമ്പിൾ തെഫ്റ്റ് സ്ക്വാഡ് ഇൻസ്പെക്ടറും സംഭവ സ്ഥലത്തെത്തി തെളി വുകൾ ശേഖരിച്ചു വരികയാണ്. നടപടികൾ ഊർജ്ജിതമാക്കും. ഈ കേസ് തെളിയിക്കുന്നതിനുവേണ്ടി മറ്റൊരു രൂപത്തിലുള്ള അന്വേഷണവു മായി മുന്നോട്ട് പോകണമെങ്കിൽ ഗവൺമെന്റ് അതിനും ശ്രമിക്കുന്നതാണ്.

## ദമ്പതികൾക്കുനേരെയുണ്ടായ ആക്രമണം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, വട്ടപ്പാറ, കല്ലയം, കാരമൂട്, കുഴിക്കോണം അനിതാ വിലാസത്തിൽ ശ്രീ. അജികുമാറും ഭാര്യ ശ്രീമതി ശാന്തിയും ജൂലൈ മാസം 3-ാം തീയതി ചൊവ്വാഴ്ച രാത്രി വേങ്കോട് എസ്.യു.റ്റി ആശുപത്രിയിൽ ബന്ധുവിനെ സന്ദർശിച്ചിട്ട് വരുന്ന വഴിയിൽ പാറക്കുഴിക്ക് സമീപം ആളൊഴിഞ്ഞ സ്ഥലത്തുവച്ച് ആക്രമിക്കപ്പെടുകയാണുണ്ടായത്. വേങ്കോട് ജംഗ്ഷനിൽ ഓട്ടോറിക്ഷ ഓടിക്കുന്ന ഡ്രൈവറും എസ്.യു.റ്റി ആശുപത്രിയിലെ ജീവനക്കാരനുമായ ഹരി എന്നുവിളിക്കുന്ന ശ്രീ. ശരണ്യ കുമാർ ആണ് പ്രതി. മാതൃഭൂമി പത്രത്തിൽ അദ്ദേഹത്തിന്റെ പേരും വിശദ വിവരങ്ങളും ഉണ്ടായിരുന്നു. നെടുമങ്ങാട് പോലീസ് കേസെടുത്തു. ഒരു പ്രതിയെ അറസ്റ്റ് ചെയ്തെന്ന് പറഞ്ഞു കേൾക്കുന്നു, പക്ഷേ യഥാർത്ഥ പ്രതിയെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല യഥാർത്ഥ പ്രതി ആരാണെങ്കിലും അറസ്റ്റ് ചെയ്യുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. സദാചാര പോലീസിന്റെ രീതിയിലാണ് ആക്രമണം നടത്തിയത്. കൂടെയുള്ള സ്ത്രീ ഭാര്യയാണോ എന്ന് ചോദിച്ചു. അതേ എന്ന് മറുപടി പറഞ്ഞപ്പോൾ തെളിവുണ്ടോ എന്നായിരുന്നു അടുത്ത ചോദ്യം. തെളിവൊന്നുമില്ല എന്ന് പറഞ്ഞപ്പോൾ അടിച്ച് താഴെയിട്ടശേഷം കയ്യിലുണ്ടായിരുന്ന 9000 രൂപ എടുത്തു. ശ്രീമതി ശാന്തിയെ ഓട്ടോറിക്ഷയിൽ കയറ്റിക്കൊണ്ടുപോകാനും ശ്രമിച്ചു. വേറെ രണ്ട്പേരെകൂടി ടെലഫോണിൽ വിളിച്ചുവരുത്തി. മൂന്നുപേരും ചേർന്ന് വീണ്ടും ശ്രീ. അജി

കുമാറിനെ മർദ്ദിച്ചശേഷം ഈ സ്ത്രീയെ ഓട്ടോറിക്ഷയിൽ കയറ്റിക്കൊണ്ടു പോകാൻ ശ്രമിച്ചപ്പോൾ എതിരെ ഒരു കാർ വരുന്നത് കണ്ട് ഉപേക്ഷിച്ച് പോയതാണ്. ദമ്പതിമാർക്ക് വഴി നടക്കേണ്ടേ? ആരാണെങ്കിലും ശരി, യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യാൻ പോലീസിന് നിർദ്ദേശം നല്കണം. 9000 രൂപ തിരികെ വാങ്ങിക്കൊടുക്കുകയും വേണം. യഥാർത്ഥ പ്രതി 'ഹരി' എന്നു പറയുന്ന ശരണ്യ കുമാർ ആണ്. അയാൾ ഇപ്പോഴും സ്ഥല ത്തുണ്ട്. വളരെ വ്യക്തമായ കാര്യമാണ്. ആരാണെങ്കിലും ശരി, ആരെ അറസ്റ്റ് ചെയ്യുന്നതിനും എനിക്ക് വിരോധമില്ല. പക്ഷേ ഇയാളെ അറസ്റ്റ് ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ): സർ, അങ്ങ് പറഞ്ഞ സ്പിരിറ്റിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. സാധുക്കളായ ദമ്പതികൾ വഴിയെ നടന്നുപോകു മ്പോൾ അവരെ ആക്രമിക്കുന്നത് ശരിയല്ല. അങ്ങ് മൂന്ന് പ്രാവശ്യം ആവർത്തിച്ച ആ വാക്ക് ഞാനും പറയുന്നു- 'ആരായാലും ശരി' അവർക്കെതിരെ നടപടിയെടുക്കണം. വട്ടപ്പാറ വില്ലേജിൽ കാരമൂട് അനിതാ ഭവനിൽ ശ്രീമതി ശാന്തിയും ഭർത്താവ് ശ്രീ. അജി കുമാറും 03 -07-2012- ന് രാത്രി 9.45 മണിയോടുകൂടി നെടുമങ്ങാട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വേങ്കോട് എസ്.യു.റ്റി ആശുപത്രിയിൽ ചികി ത്സയിൽ കഴിയുന്ന ബന്ധുവിനെ സന്ദർശിച്ചശേഷം മടങ്ങി, എസ്.യു.റ്റി

ആശുപത്രിക്കും ജംഗ്ഷനും ഇടയിലുള്ള റോഡിൽക്കൂടി നടന്നുപോകവെ എസ്.യു.റ്റി ആശുപത്രിയിലെ ഡ്രൈവറായ ശ്രീ. ശരണ്യ കുമാർ ഓട്ടോറിക്ഷയിലെത്തി ഇരുവരേയും തടഞ്ഞുനിറുത്തി. ശ്രീ. അജി കുമാറിന്റെ ഭാരൃയല്ല കുടെയുള്ളതെന്നും മേൽപ്പടി ആളോട് താല്പര്യമുണ്ടെന്നും മറ്റും അശ്ലീലവും അസഭ്യവുമായ വാക്കുകൾ പറഞ്ഞുകൊണ്ട് ശല്യം ചെയ്തു. ഇതിനെ എതിർക്കാർ ശ്രമിച്ച ശ്രീ. അജി കുമാറിനെ ശരണ്യ കുമാർ കരണത്തടിക്കുകയും തടയാൻ ശ്രമിച്ച ശ്രീമതി ശാന്തിയെ ദേഹോപദ്രവം ഏല്പ്പിക്കുകയും മാനഹാനിപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. ഇതിനടിയിൽ ശ്രീ. ശരണ്യ കുമാർ ഫോൺ ചെയ്തതനുസരിച്ച് മറ്റ് രണ്ടുപേർകൂടി ഒരു മോട്ടോർ സൈക്കിളിൽ സംഭവ സ്ഥലത്ത് എത്തിയിരുന്നു. ഈ സമയം മോട്ടോർ സൈക്കിളിൽ വന്ന ഒരാൾ ശ്രീ. അജി കുമാറിനെ ചുറ്റിപ്പിടിച്ച് നിറുത്തുകയും ശ്രീ. അജി കുമാറിന്റെ പോക്കറ്റിൽ നിന്നും 9000 രൂപ ശ്രീ. ശരണ്യ കുമാർ അപഹരിക്കുകയും ചെയ്തതിനെത്തുടർന്ന് മോട്ടോർ സൈക്കിളിൽവന്ന രണ്ടുപേരും ചേർന്ന് അജി കുമാറിനെ തറയിൽ തള്ളിയിട്ട് പരിക്കേല്പ്പിക്കുകയും പുറത്തുപറഞ്ഞാൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. എസ്.യു.റ്റി ആശുപത്രിയിലെ ഡ്രൈവറായ ശ്രീ. ശരണ്യ കുമാർ ഓട്ടോറിക്ഷയും ഓടിക്കാറുണ്ട്. സംഭവത്തെതുടർന്ന് വേങ്കോട് എസ്.യു.റ്റി ആശുപത്രിയിൽ ചികിത്സ തേടിയ ദമ്പതികളിൽ ശ്രീമതി ശാന്തിയുടെ മൊഴി 04–07–2012 പുലർച്ചെ ഒരുമണിക്ക് രേഖപ്പെടുത്തി. ഇന്ത്യൻ ശിക്ഷാ നിയമം 341, 294(ബി), 323, 354, 506 (പാർട്ട് 1) 34

എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 702/2012 നമ്പരായി നെടുമങ്ങാട് പോലിസ്സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് 04–07–2012 –ന് തന്നെ രേഖപ്പെടുത്തിയ ശ്രീ. അജി കുമാറിന്റെ മൊഴിയുടെ അടിസ്ഥാന ത്തിൽ കവർച്ച നടത്തുന്നതിനായി ശാരീരിക ഉപദ്രവംകൂടി നടന്നിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടതിനാൽ 394 ഐ.പി.സി വകുപ്പുകൂടി ചേർത്ത് അന്വേ ഷണത്തിന് ഉത്തരവായി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചു. അങ്ങ് സൂചിപ്പിച്ചതുപോലെ ശ്രീ. ശരണ്യ കുമാർ, ശ്രീ. ഭഗത് എന്നീ രണ്ടുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ രണ്ടുപേരാണ് പ്രതികളായിട്ടുള്ളത്. ഞാൻ അവരുടെ രാഷ്ട്രീയവശമൊന്നും പറയുന്നില്ല. പക്ഷേ അറസ്റ്റ് ചെയ്ത ആളുകളെ വിട്ടയയ്ക്കണമെന്ന് പറഞ്ഞ്, നമ്മൾ സംസാരിക്കുന്ന ഈ സമ യത്ത് നെടുമങ്ങാട് പോലീസ് സ്റ്റേഷനുമുന്നിൽ ഡി.വൈ.എഫ്.വൈ–യുടെ സത്യാഗ്രഹം നടക്കുകയാണ്. അതുംകൂടി ഒഴിവാക്കുന്നതിനുവേണ്ടി അങ്ങ് ശ്രദ്ധിച്ചാൽ ഉപകാരമാകും. ഏതായാലും ഗവൺമെന്റ് വളരെ ശക്തമായ നടപടിയെടുക്കുന്നതാണ്.

## അഴീക്കോട് ഹാർബർ നിർമ്മാണം

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, പൂർണ്ണമായും ഒരു തീരദേശ പഞ്ചായത്ത് ഉൾപ്പെടുന്നതാണ് എന്റെ മണ്ഡലം. ആയിരക്കണക്കിന് മത്സ്യ ത്തൊഴിലാളികളുടെ ചിരകാലാഭിലാഷം എന്ന നിലയിലാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഴീക്കോട് ഒരു ഫിഷിംഗ് ഹാർബർ ആരംഭിച്ച ത്. നബാർഡിന്റെ സഹായത്തോടുകൂടി ആരംഭിച്ച ഫിഷിംഗ് ഹാർബറിന്

ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുത്തശേഷം നിർമ്മാണ പ്രവർത്തനം ആരംഭിച്ച് പില്ലർ വർക്ക് കഴിഞ്ഞ ശേഷം മേൽക്കൂര കോൺക്രീറ്റ് ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് 07-09-2010-ന് വർക്ക് നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതി സ്റ്റേ വന്നു. അതിനോട് ചേർന്നുള്ള സൗരാഷ്ട്ര സിമന്റ് കമ്പനിയാണ് വാട്ടർഫ്രണ്ട് അവരുടേതാണ് എന്നുപറഞ്ഞുകൊണ്ട് സ്റ്റേയ്ക്കുവേണ്ടി ഹൈക്കോടതിയെ സമീപിച്ചത്. വാസ്തവത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ്തന്നെ ഈ സിമന്റ് കമ്പനി അവിടെ ആരംഭിക്കാൻ പാടില്ല എന്ന ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ജനങ്ങൾ ഈ കമ്പനിക്ക് എതിര് നില്ക്കുന്ന സാഹചര്യമെല്ലാം ഗവൺമെന്റിന് അറിയാവുന്നതാണ്. പക്ഷേ ഈ കമ്പനി നിരന്തരമായി ഇവിടെ വരുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളേയും തടസ്സപ്പെടുത്തുകയാണ്. ഈ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ക്യാബിനറ്റ് തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ പോർട്ട് ഡിപ്പാർട്ടുമെന്റും ഹാർബർ ഡിപ്പാർട്ടുമെന്റും സംയുക്തമായി ഒരു അഫിഡവിറ്റ് കൊടുക്കാൻ തീരുമാനിച്ചിരുന്നു. നിർഭാഗ്യവശാൽ പോർട്ട് ഡിപ്പാർട്ടുമെന്റ് ഗവൺമെന്റ് തീരുമാനത്തിന് വിരുദ്ധമായ ഒരു അഫിഡവിറ്റാണ് അഡ്വക്കേറ്റ് ജനറലിന്റെ കയ്യിൽ കൊടുത്തത്. അഡ്വക്കേറ്റ് ജനറൽ നേരിട്ട് ചീഫ് സെക്രട്ടറിയെ വന്നുകണ്ട്, പോർട്ട് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ ഗവൺമെന്റിന് വിരുദ്ധമായി അഫിഡവിറ്റ് കൊടുത്തിരിക്കുന്നതായി ചൂണ്ടിക്കാണിക്കുകയും സംയുക്തമായി അഫിഡവിറ്റ് കൊടുക്കാൻ ഗവൺമെന്റ്

ആവശ്യപ്പെടുകയും ചെയ്തു. ഈ ഗവൺമെന്റ് വന്നശേഷം അതുമായി ബന്ധപ്പെട്ട് വാട്ടർഫ്രണ്ട് ഏരിയ ആരുടേതാണെന്ന് തിട്ടപ്പെടുത്തുന്നതിനായി സർവ്വെ നടത്തുകയും പഞ്ചായത്തിന്റെ സ്ഥലമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. 20 ഏക്കർ സ്ഥലവും ഹാർബർ ഡിപ്പാർട്ടുമെന്റിന് വിട്ടുകൊടുത്തുകൊണ്ടുള്ള പ്രമേയം പാസ്സാക്കി ഗവൺമെന്റിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഈ രണ്ട് ഡിപ്പാർട്ടുമെന്റുകളും സംയുക്തമായി ഒരു അഫിഡവിറ്റ് കോടതിയിൽ ഫയൽ ചെയ്താൽ സ്റ്റേ വെക്കേറ്റ് ചെയ്ത് ഹാർബറിന്റെ പണി പൂർത്തീകരിക്കാൻ സാധിക്കും. പക്ഷേ ഇപ്പോൾ സൗരാഷ്ട്ര കമ്പനി അവിടെ മറ്റുപല പ്രോജക്ടുകളുമായി വരികയാണ്. പോർട്ട് ഡിപ്പാർട്ടുമെന്റ് സ്വന്തമായി എന്തെങ്കിലും പ്രോജക്ടുകൾ നടപ്പിലാക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഹാർബർ ഡിപ്പാർട്ടുമെന്റും പോർട്ട് ഡിപ്പാർട്ടുമെന്റും സംയുക്തമായി, ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുമായും എം.എൽ.എ.മാരെയും ഉൾപ്പെടുത്തിക്കൊണ്ട് ചർച്ച നടത്തി വർക്ക് ആരംഭിക്കണം. ഇത് ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമാണ്. ഈ വർക്കിനുവേണ്ടി നബാർഡിന്റെ കോടിക്കണക്കിന് രൂപ ഇൻവെസ്റ്റ് ചെയ്ത് കഴിഞ്ഞതാണ്. ഇത്രയും രൂപ ചെലവാക്കിയശേഷം ആ പണി നിറുത്തലാക്കുന്നത് ഗവൺമെന്റിനും മത്സ്യത്തൊഴിലാളി മേഖലയ്ക്കും നഷ്ടം ഉണ്ടാക്കുന്ന കാര്യമാണ്. അതുകൊണ്ട് അവിടെ ഹാർബറിന്റെ പണി ഉടൻ പുനരാരംഭിക്കണം. പോർട്ടിന് ഏതെങ്കിലും പ്രോജക്ട് നടപ്പിലാക്കണമെന്നുണ്ടെങ്കിൽ അത് ആരംഭിക്കുന്നതിനുള്ള നടപടി

വേണം. പിൻവാതിലിലൂടെ സൗരാഷ്ട്ര കമ്പനിക്ക് വരാനുള്ള അവസരം ഈ ഗവൺമെന്റ് ഉണ്ടാക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച തുറമുഖ വികസനത്തിന്റെ ഭാഗമായി കൊടുങ്ങല്ലൂർ തുറമുഖത്ത് വാർഫ്, ചാനൽ, ബെയ്സിൽ തുടങ്ങിയവ നിർമ്മിക്കുന്നതിന് സൗരാഷ്ട്ര സിമെന്റ്സ്-ന് 30-05-1998-ൽ അനുമതി നൽകിയിരുന്നു. തുടർന്ന് ഇത് പ്രകാരം 07-08-1998-ൽ സൗരാഷ്ട്ര സിമെന്റ്സുമായി സർക്കാർ ധാരണാപത്രം ഒപ്പ് വയ്ക്കുകയും 13-01-2000-ൽ ഇതു സംബന്ധിച്ച് ബി.ഒ.ടി. കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ഇതിനിടെ സുനാമി ഫണ്ട് ഉപയോഗിച്ച് ഫിഷിംഗ് ഹാർബറിനായി വാർഫും ലേല ഹാളും നിർമ്മിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 11-09-2007-ലെ ജി.ഒ. പ്രകാരം അനുമതി നൽകുകയും ചെയ്തു. പ്രവൃത്തിക്കാവശ്യമായ 8.0937 ഹെക്ടർ (20 ഏക്കർ) അഴീക്കോട് വില്ലേജിലെ സർവ്വേ നമ്പർ 689-ലെ പുഴ പുറമ്പോക്ക് ഭൂമി സർക്കാർ ഉത്തരവ് പ്രകാരം 28-05-1993 പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറുകയും ചെയ്തു. സൗരാഷ്ട്ര സിമെന്റ്സ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വാർഫിന്റെ മുന്നിലാണ് ലേല ഹാൾ പണിയുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരുമാനിച്ചതെന്നാരോപിച്ച് അവർ കേരള ഹൈക്കോടതി മുമ്പാകെ ഒരു റിട്ട് പെറ്റീഷൻ 2009-ൽ ഫയൽ ചെയ്യുകയും 13-07-2009-ലെ ഇടക്കാലവിധി പ്രകാരം കോടതി

ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം സ്റ്റേ ചെയ്യുകയും ചെയ്തു. ഇതേത്തുടർന്ന് നിർമ്മാണപ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിറുത്തി വച്ചിരുന്നു. പൊതുജനാഭിപ്രായം കണക്കിലെടുത്ത് സൗരാഷ്ട്ര സിമെന്റ്സ് കമ്പനിയുമായി സർക്കാർ ഒപ്പുവച്ച എഗ്രിമെന്റും ധാരണാപത്രവും 04–12–2009–ലെ ജി.ഒ. പ്രകാരം റദ്ദ് ചെയ്തു. ഇതിനെതിരെ സൗരാഷ്ട്ര സിമെന്റ്സ് കമ്പനി വീണ്ടും കോടതിയെ സമീപിക്കുകയും 14 –01–2010–ന് തൽസ്ഥിതി തുടരുന്നതിനുള്ള ഉത്തരവ് നേടുകയും ചെയ്തു. കോടതി ഉത്തരവിനെത്തുടർന്ന് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങുകയും അതിനെ തുടർന്ന് 25–06–2012–ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഞാൻ ഈ വിഷയം ചർച്ച ചെയ്യുകയും ഇതിനൊരു പ്രായോഗിക നിർദ്ദേശം സമർപ്പിക്കുവാൻ തുറമുഖവകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 02–07 –2012–ൽ തുറമുഖ വകുപ്പ് സെക്രട്ടറി സൗരാഷ്ട്ര സിമെന്റ്സ് അധികാരികളും തുറമുഖ–ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഉദ്യോഗസ്ഥരുമായി ഈ വിഷം ചർച്ച ചെയ്തു. കൊടുങ്ങല്ലൂർ മത്സ്യബന്ധന തുറമുഖത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലം 11–07–2012–ന് പരിശോധിച്ച് ഫിഷിംഗ് ഹാർബറും സൗരാഷ്ട്ര സിമെന്റ്സിന്റെ ക്ലിങ്കർ യൂണിറ്റും ഒന്നിച്ചുനടത്താനുള്ള സാധ്യതയെ സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് സൗരാഷ്ട്ര സിമെന്റ്സ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ വകുപ്പ് തുടങ്ങിയ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സൈറ്റ്

ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭിച്ചതിനുശേഷം സ്റ്റേ ഒഴിവാക്കി ഫിഷിംഗ് ഹാർബർ നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ സംയുക്തമായി അഫിഡവിറ്റ് കൊടുത്താൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെങ്കിൽ തീർച്ചയായും സംയുക്തമായുള്ള അഫിഡവിറ്റ് ഉടനെ കൊടുക്കാൻ തയ്യാറാണ്. അതോടൊപ്പം ബഹുമാനപ്പെട്ട എം.എൽ.എ. -യും ബന്ധപ്പെട്ട എല്ലാപേരുമായുള്ള യോഗം വിളിച്ചുകൂട്ടാനും ഗവൺമെന്റ് തയ്യാറാണ്. ഏതായാലും ഇത് അനിശ്ചിതമായി നീണ്ടുപോകുന്നതിനൊരു പരിഹാരമുണ്ടാകണം. ഒന്നുകിൽ കോടതി മുഖേന പ്രശ്നം പരിഹരിക്കണം അല്ലെങ്കിൽ ഔട്ട് ഓഫ് ദി കോർട്ടിൽ ഇത് സെറ്റിൽമെന്റ് നടത്തണം. ഏതിനും ഗവൺമെന്റ് തയ്യാറാണ്.

## മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയുടെ ഭൂമി

ശ്രീ. ജോസഫ് വാഴക്കൻ: സർ, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്കായി സർക്കാർ ഏറ്റെടുത്ത ഏക്കർ കണക്കിന് ഭൂമി ഇന്ന് മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലും സമീപത്തുള്ള നിയോജകമണ്ഡലത്തിലും വെറുതെ കിടക്കുകയാണ്. എം.വി.ഐ.പി.-ക്ക് ആവശ്യമുള്ള ഭൂമി എടുത്തുകഴിഞ്ഞു, ഈ വർഷം പ്രോജക്ട് കമ്മീഷൻ ചെയ്യാൻ പോകുകയാണ്. അവിടെ ഇങ്ങനെ എടുത്തിട്ടിരിക്കുന്ന ഭൂമി ഇപ്പോൾ ആളുകൾ എൻക്രോച്ച് ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ഭൂമി വികസനപ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകൾക്കും സംസ്ഥാന ഗവൺമെന്റിന്റെ

പദ്ധതികൾക്കുമായി ആവശ്യാനുസരണം വിട്ടുകൊടുത്താൽ പല പ്രോജക്ടുകളും അവിടെ കൊണ്ടുവരാൻ കഴിയും. സത്യത്തിൽ ഭൂമി ഇല്ലാത്തതുകൊണ്ട് പല പദ്ധതികളും ഇന്ന് നടപ്പിലാക്കാൻ കഴിയുന്നില്ല. അന്യാധീനപ്പെട്ടുപോകുന്ന ഈ ഭൂമി പ്രയോജനകരമായി ഉപയോഗിക്കത്തക്കരീതിയിൽ പഞ്ചായത്തുകൾക്കും സംസ്ഥാന സർക്കാരിന്റെ പദ്ധതികൾക്കുമായി വിട്ടുകൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ആരക്കുഴയിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി ഒരു അപേക്ഷ നൽകിയിട്ടുണ്ട്. അതിന് ആവശ്യമായ ഭൂമി നൽകുന്നതിനെക്കുറിച്ചും ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്കായി ഏറ്റെടുത്തതിൽ 3.2 ഏക്കർ സ്ഥലം ആറൂർ ഭാഗത്ത് ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. ഈ സ്ഥലം മറ്റ് ആവശ്യങ്ങൾക്കൊന്നും ഇപ്പോൾ ഉപയോഗിക്കുന്നില്ല. 22-03-1968-ലെ സർക്കാർ ഉത്തരവ് പ്രകാരം നിലനിൽക്കുന്ന സമീപനങ്ങൾക്കനുസൃതമായി ജലവിഭവവകുപ്പിന്റെ കീഴിലുള്ള ഉപയോശൂന്യമായ ഭൂമി കൈമാറ്റം സംബന്ധിച്ച് 03-08-2009-ൽ ഗവൺമെന്റ് സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. സർക്കാരിൽ ലഭ്യമാകുന്ന അപേക്ഷകളനുസരിച്ച് ഇറിഗേഷൻ വകുപ്പിന്റെ ഉപയോഗശൂന്യമായ സ്ഥലവും അതിൽ ഉൽക്കൊള്ളുന്ന വസ്തുക്കളും സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും സേവന വകുപ്പിന് സൗജന്യമായോ വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾ

ആരംഭിക്കുക എന്ന പ്രത്യേക ആവശ്യത്തിലേയ്ക്കായി മാർക്കറ്റ് വില ഈടാക്കിക്കൊണ്ട് നൽകാനും അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് മാർക്കറ്റ്  വില ഇടാക്കാക്കിക്കൊണ്ട് സ്ഥലം കൈമാറ്റം ചെയ്യാനും വ്യവസ്ഥ ചെയ്യുന്നു. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ സർക്കുലർ പ്രകാരം അംഗീകൃത സ്ഥാപനങ്ങൾക്ക് സ്ഥലം കൈമാറാവുന്നതാണ്. ആരക്കുഴയിൽ സർക്കാർ ഐ.ടി.ഐ. കെട്ടിടം നിർമ്മിക്കാൻ എം.വി.ഐ.പി.-യുടെ സ്ഥലം ലഭ്യമാക്കണമെന്നുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

## വിവാഹ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

ശ്രീ. മോൻസ് ജോസഫ്: സർ, വിവാഹ രജിസ്ട്രേഷനിൽ 2007-ൽ വരുത്തിയ ഭേദഗതികൾ മൂലം പ്രവാസി മലയാളികൾ ഇന്ന് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ഇപ്പോൾ നിലനിൽക്കുന്ന നിയമം പൂർവ്വകാല പ്രാബല്യത്തിൽ വരികയും പുനർവിവാഹ രജിസ്റ്റർ ആവശ്യപ്പെടുകയും ചെയ്തതിനെത്തുടർന്ന് പ്രവാസി മലയാളികൾ, പ്രത്യേകിച്ചും ഗൾഫ് നാടുകളിലും കുവൈറ്റിലുമുള്ള മലയാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പ്രവാസി കേരളാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഒരു സെമിനാർ കുവൈറ്റിൽ സംഘടിപ്പിക്കുകയുണ്ടായി. അവർ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാനപ്പെട്ട വിഷയം, വിവാഹ സർട്ടിഫിക്കറ്റ് അത്യന്താപേക്ഷിതമായ ആധികാരികരേഖയായി എല്ലാ സ്ഥലങ്ങളിലും ആവശ്യപ്പെടുകയാണ് എന്നതാണ്. കുവൈറ്റിൽ ഭാര്യയ്ക്കോ ആശ്രി

തർക്കോ വിസ ലഭിക്കണമെങ്കിൽ, ഫ്ളാറ്റ് എടുക്കണമെങ്കിൽ, ബാങ്കിൽ നിന്നും ലോൺ എടുക്കണമെങ്കിൽ, അങ്ങനെയുള്ള എല്ലാ ആവശ്യങ്ങൾക്കും ഇപ്പോൾ വിവാഹ സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഒരു മാസത്തെ അവധിക്ക് തൊഴിലാളികളടക്കമുള്ള ആളുകൾ നാട്ടിൽ വന്ന് നിൽക്കുമ്പോൾ വിവാഹ സർട്ടിഫിക്കറ്റിനുവേണ്ടി പഞ്ചായത്തിലും ജില്ലാതലത്തിലുമെല്ലാം വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരികയാണ്. അതുകൊണ്ട് പ്രവാസി മലയാളികൾക്ക് സഹായകകരമായ വിധത്തിൽ, വിവാഹ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സാധ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെത്തുടർന്നാണ് വിവാഹം കഴിഞ്ഞ് 45 ദിവസം മുതൽ ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ പിഴ ഈടാക്കിയും ഒരു വർഷത്തിന് ശേഷമുള്ള കേസുകളിൽ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെ പിഴ ഈടാക്കിയും രജിസ്റ്റർ ചെയ്യാവുന്നതാണെന്ന തീരുമാനമെടുത്തത്. 2010–ൽ നിലവിൽ വന്ന ഭേദഗതി ഉത്തരവു പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിനു മുമ്പായി വിവാഹത്തിലേർപ്പെട്ട കക്ഷികൾ, ഒരു പ്രാവശ്യമെങ്കിലും ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർ മുൻപാകെ ഹാജരായി വിവാഹ രജിസ്റ്ററിൽ ഒപ്പുവയ്ക്കേണ്ടതാണ്. കക്ഷികൾ നേരിട്ട് ഹാജരാകുമ്പോഴും ഫോട്ടോസ

ഹിതമുള്ള രേഖകൾ പരിശോധിക്കുമ്പോഴും വിവാഹത്തട്ടിപ്പുകളും ആൾമാറാട്ടവും തടയുന്നതിന് രജിസ്ട്രാർക്ക് കഴിയുന്നതാണ്. ചട്ടം 3(2) നിലവിൽ വരുന്നതിനുമുൻപ് നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലയളവ് 31-12-2010 വരെ ദീർഘിപ്പിച്ചിരുന്നു. ഈ കാലയളവ് 31-12-2012 വരെ ദീർഘിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിക്കുകയാണ്. പ്രവാസികളെ സംബന്ധിച്ചിടത്തോളം, ഒരു തവണ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ടെങ്കിൽ, അതായത് വിവാഹം കഴിഞ്ഞയുടൻ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പിന്നെ അവർ നേരിട്ട് പോകണമെന്നില്ല, ആരെയെങ്കിലും ചുമതലപ്പെടുത്തിയാൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുവേണ്ടിയുള്ള നടപടികളെടുത്തു കഴിഞ്ഞിട്ടുണ്ട്. വിവാഹം കഴിഞ്ഞയുടൻ ഒരു തവണ നേരിട്ടുപോയി രജിസ്റ്റർ ചെയ്യണം, അത് കഴിഞ്ഞാൽ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ചുകൊണ്ട് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്ന സംവിധാനം ഏർപ്പെടുത്തുന്നതിന് ഐ.ടി. വകുപ്പുമായി ആലോചിച്ചുവരികയാണ്. 2008-ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുൻപ് നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് വിവാഹ രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അനുമതി വേണമെന്ന വ്യവസ്ഥ കാലതാമസത്തിന് ഇടവരുത്തുമെന്നതിനാൽ പ്രസ്തുത ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## കോട്ടപ്പടി താലൂക്ക് ആശുപത്രി ആധുനികവത്കരിക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ല ആസ്ഥാനത്തുള്ള ഏക സർക്കാർ ആശുപത്രിയാണ് താലൂക്ക് ആശുപത്രി. മൂന്നു വർഷം മുമ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പേരു മാറ്റി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ എന്ന ബോർഡ് സ്ഥിപിച്ചുവെന്നതല്ലാതെ യാതൊരു അടിസ്ഥാന സൗകര്യവും ഈ ആശുപത്രിയിലില്ല. കാഷ്വാലിറ്റിയിൽ മെഡിക്കൽ ഓഫീസറില്ലാത്ത ഏക താലൂക്കാശുപത്രിയാണിത്. 20 ഡോക്ടർമാർ വേണ്ടിടത്ത് സൂപ്രണ്ട് ഉൾപ്പെടെ 11 ഡോക്ടർമാർ മാത്രമാണുള്ളത്. താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 25 സ്റ്റാഫ് നഴ്സ് ആവശ്യമാണ്. ഇവിടെ 13 നഴ്സുമാർ മാത്രമാണുള്ളത്. പാരാമെഡിക്കൽ സ്റ്റാഫിന്റെ എണ്ണവും വളരെ കുറവാണ്. 25 വർഷത്തിലധികം പഴക്കമുള്ള എക്സ്റേ മെഷീനാണ് ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പുതിയ എക്സ്റേ മെഷീൻ അനുവദിക്കാമെന്ന് മുൻ ആരോഗ്യവകുപ്പുമന്ത്രി എനിക്ക് ഈ സഭയിൽ ഉറപ്പുനൽകിയിരുന്നു. ആ ഉറപ്പ് ഇതുവരെയും പാലിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് പുതിയ എക്സ്റേ മെഷീൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഓപ്പറേഷൻ നടത്തുന്നതിനാവശ്യമായ കപ്പാസിറ്റിയുള്ള ഒരു ജനറേറ്റർ പോലും ഈ താലൂക്കാശുപത്രിയിലില്ല. ഇതിന് മാറ്റമുണ്ടാകേണ്ട

തുണ്ട്. ഐ.എച്ച്.എസ്.ഡി.പി. പ്രകാരം മലപ്പുറം നഗരസഭ 75 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചെങ്കിൽപോലും ഇലക്ട്രിക്കൽ ജോലികൾ, ഓപ്പറേഷൻ തീയേറ്റർ സാമഗ്രികൾ, ബെഡ്ഡുകൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കാത്തതുകൊണ്ട് പുതിയ കെട്ടിടം ഇതുവരെ തുറന്നുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ജോലികൾ പൂർത്തീകരിക്കാൻ നഗരസഭയുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. ആയതുകൊണ്ട് നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം പൊതുജനങ്ങൾക്ക് എത്രയും വേഗം തുറന്നുകൊടുക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ മഴക്കാലം വന്നതോടുകൂടി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന ഈ അവസരത്തിൽ മലപ്പുറം നഗരസഭയിലേയും പരിസരപ്രദേശങ്ങളിലേയും ജനങ്ങൾ ആശ്രയിക്കുന്ന ഏക സർക്കാർ ആശുപത്രിയെന്ന നിലയിൽ ഈ ആശുപത്രിയുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും അടിയന്തര നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി പ്രവർത്തിച്ചുകൊണ്ടിരുന്ന കോട്ടപ്പടി ആശുപത്രി 2009 –ലാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, സി.എച്ച്.സി.കളെ താലൂക്ക് ആശുപത്രികളായും താലൂക്ക് ആശുപത്രികളെ ജില്ല ആശുപത്രിയായും ഉയർത്തിയപ്പോൾ ബോർഡുകൾ മാത്രം മാറ്റിവ

യ്ക്കുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് അത്തരത്തിലുള്ള ആശുപത്രികൾ പരിശോധിച്ച് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ഡി.എച്ച്.എസ്-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിൽ ഇതുപോലുള്ള പത്തോളം ആശുപത്രികളുണ്ട്. റിപ്പോർട്ട് ലഭ്യമായതിനുശേഷം ഇത്തരം ആശുപത്രികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മെമ്പർ 75 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ആശുപത്രിക്കെട്ടിടത്തിൽ വൈദ്യുതി സൗകര്യവും വാട്ടർ സപ്ലൈയും ലഭ്യമാക്കിയിട്ടില്ലായെന്നുള്ളതും പുതിയ എക്സ്റേ മെഷീൻ വേണമെന്ന കാര്യവും ഇവിടെ ചൂണ്ടിക്കാണിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ അടിയന്തരമായി ഒരു യോഗം വിളിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസ്സുകൾ)

* * * * * * * * * * * * * * *